## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - രണ്ടാം വാർഷിക പദ്ധതി (2013-14) അന്തിമമാക്കുന്നതിനും മൂന്നാം വാർഷിക പദ്ധതി (2014-15) തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവു പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.1036/2014/തസ്വഭവ തിരുവനന്തപുരം, തീയതി. 26.04.2014

---

പരാമർശം:- (1) സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തീയതി : 16.11.2013
(2) സ.ഉ(സാധാ)നം.808/2014/ത.സ്വ.ഭ.വ തീയതി : 19.03.2014
(3) സ.ഉ(സാധാ)നം.880/2014/ത.സ്വ.ഭ.വ തീയതി : 26.03.2014
(4) സ.ഉ(ആർ.ടി)നം.660/2014/ത.സ്വ.ഭ.വ തീയതി : 05.03.2014
(5) സ.ഉ(ആർ.ടി)നം.893/2014/ത.സ്വ.ഭ.വ തീയതി : 26.03.2014
(6) സ.ഉ(ആർ.ടി)നം.914/2014/ത.സ്വ.ഭ.വ തീയതി : 28.03.2014
(7) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 26.03.2014-ലെ യോഗത്തിന്റെ 2.5 നമ്പർ തീരുമാനം
(8) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 23.04.14 ലെ യോഗത്തിന്റെ 2.4 നമ്പർ തീരുമാനം

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവ് പ്രകാരം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ 2013-14 വർഷത്തിൽ പരിഷ്ക്കരിച്ചിരുന്നു. ഇതനുസരിച്ച് 99 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2014-15-ലെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകിയിട്ടുണ്ട്. 117 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2013-14 ലെ വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും 2014-15 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം 2, 3, 4, 5, 6 ലെ ഉത്തരവുകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ തയ്യാറാക്കി ചെലവ് ചെയ്തിട്ടുണ്ട്. പരാമർശം 7-ലെ കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനപ്രകാരം ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ പ്രാരംഭ ബാക്കിയിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികൾ ചെയ്ത എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും 2013-14 ലെ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വാലിഡേഷൻ ലഭ്യമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമമായ നടപടി ക്രമം

ലഭ്യമാക്കേണ്ടതാണ്. ഈ പ്രവൃത്തി ചെയ്യുന്നതിനായി 2013-14-ലെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ക്രമീകരണം 2014 ഏപ്രിൽ 11 മുതൽ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2014 മേയ് 5 ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ 2013-14 വർഷത്തിൽ കെ.എൽ.ജി.എസ്.ഡി.പി വിഹിതം ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാതിരുന്നിട്ടുണ്ട്. പ്രസ്തുത തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2013-14 വർഷം കെ.എൽ.ജി.എസ്.ഡി.പി വിഹിതം ഉപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടുകൾ ഭേദഗതി ചെയ്തോ, ഉപേക്ഷിച്ചോ ലഭ്യമായ തുകയ്ക്ക് അനുസരിച്ച് വാലിഡേഷൻ ലഭ്യമാക്കി 2013-14-ലെ പദ്ധതി അന്തിമമാക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2013-14 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ അധികമായി ലഭിച്ച തുക ഉപയോഗിച്ച് കൊണ്ട് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുകയും ടി തുക 2013-14-ലെ മുൻബാക്കിയിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക മുൻ ബാക്കിയിൽ ചേർക്കാതെ പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച അധിക തുക മുൻബാക്കിയിൽ ഉൾപ്പെടുത്താതെ പദ്ധതി തയ്യാറാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക 2013-14 ലെ മുൻബാക്കിയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2013-14-ൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച അധിക വിഹിതം ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയ സ്ഥാപനങ്ങൾ പ്രസ്തുത വിവരം ഇൻഫർമേഷൻ കേരള മിഷനെ 2014 മേയ് 7-നു മുൻപായി അറിയിക്കേണ്ടതാണ്. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2014-15-ലെ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ പ്രാരംഭ ബാക്കിയിൽ പ്രസ്തുത തുക ഉൾപ്പെടുത്തേണ്ടതാണ്. ഇതിനുള്ള ക്രമീകരണം ഇൻഫർമേഷൻ കേരള മിഷൻ ചെയ്യേണ്ടതാണ്.

2013-14-ലെ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2014 മേയ് 12-നകം സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതാണ്. 2013-14-ലെ മുഴുവൻ ചെലവുകളും സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുണ്ട് എന്നും, എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പൂർത്തീകരണ പത്രങ്ങൾ, ഓരോ പ്രോജക്ടിന്റേയും ഭൗതിക നേട്ടങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം ഡി.പി.സിയിൽ ലഭ്യമാക്കിയതിന് ശേഷം മാത്രമേ 2014-15 ലെ പൂർണ്ണ വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകാവൂ. 2014 മേയ് 31-നു മുൻപായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2014-15 ലെ വാർഷിക പദ്ധതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഈ ഘട്ടത്തിൽ ജില്ലാ ആസൂത്രണ സമിതിയിലേയ്ക്ക് സമർപ്പിക്കുന്ന പദ്ധതിയിൽ കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾ സമർപ്പിക്കേണ്ടതില്ല. 2013-14 - ലെ പ്രവർത്തന അവലോകന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭേദഗതിയുടെ ഭാഗമായി പ്രസ്തുത പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കി നടപ്പാക്കാവുന്നതാണ്. 31.03.2014 വരെ തയ്യാറാക്കി ട്രഷറികളിൽ സമർപ്പിച്ചിരുന്ന ബില്ലുകളിൽ തുക കിട്ടാതെയുള്ളവയുടെ അലോട്ട്മെന്റ് റദ്ദ് ചെയ്ത് സ്പിൽഓവർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കി 2014 ജൂലൈ 31-ന് മുമ്പ് പേയ്മെന്റുകൾ നൽകേണ്ടതാണ്.

2013-14 വാർഷിക പദ്ധതിയിലെ പൂർത്തീകരണ പത്രം പൂർണ്ണമായും സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2014-15-ൽ സ്പിൽ ഓവറായി തുടരുന്ന പ്രോജക്ട്, മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ട് എന്നിവയ്ക്ക് യാതൊരുവിധ ഭേദഗതിയുമില്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. 2014-15 വർഷത്തെ പ്രോജക്ടുകൾക്കും, ഭേദഗതിയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്കും, ബഹുവർഷ പ്രോജക്ടുകൾക്കും സൂക്ഷ്മ പരിശോധന ഉദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങേണ്ടതാണ്. മേൽ പ്രക്രിയ പൂർത്തീകരിച്ച ശേഷം പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. 2014 ജൂലൈ 31-ന് മുൻപായി എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും, 2014-15-ൽ അവസാനിക്കുന്ന ബഹുവർഷ പ്രോജക്ടുകളും പൂർത്തീകരിക്കേണ്ടതാണ്. 2014 ജൂലൈ 31-ന് ശേഷം സ്പിൽ ഓവർ പ്രോജക്ടുകൾ തുടരുന്നതിന് പ്രത്യേകാനുമതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും വാങ്ങേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

ജെയിംസ് വർഗ്ഗീസ്

പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും, സെക്രട്ടറിമാർക്കും

6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും, ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
8. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13. പട്ടികജാതി വികസന ഡയറക്ടർ, തിരുവനന്തപുരം
14. പട്ടികവർഗ്ഗ വികസന ഡയറക്ടർ, തിരുവനന്തപുരം
15. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
16. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
18. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം.
19. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
20 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
21. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
22. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
23. സെക്രട്ടറി, മുൻസിപ്പൽ ചെയർ പേഴ്സൺമാരുടെ ചേംബർ
24. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ ചേംബർ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
26. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
27. പൊതുഭരണ(എസ്.സി)വകുപ്പ്
28. ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.

പകർപ്പ് : മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ